**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 6935/CITAD 1/2020/CITAD തീയതി: 20.02.2020

പ്രിയദർശിനി ഹിൽസ്

## സർക്കുലർ

വിഷയം:- അറ്റൻഡൻസ് ഓട്ടോമേഷൻ സിസ്റ്റം - ഔദ്യോഗിക ഇമെയിൽ റീസെറ്റിംഗ് എന്നി വിഷയങ്ങളിൽ പാലിക്കേണ്ട നിർദേശങ്ങൾ

സൂചന :- ______________

അറ്റൻഡൻസ് ഓട്ടോമേഷൻ സിസ്റ്റത്തിന്റെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനും , ഔദ്യോഗിക ഇമെയിൽ ബന്ധപ്പെട്ട ജീവനക്കാർ അല്ലാതെ മറ്റുള്ളവർ റീസെറ്റ് ചെയ്ത് ദുരുപയോഗം ചെയ്യാനുള്ള സാഹചര്യം ഒഴിവാക്കുന്നതിനും മേൽ വിഷയങ്ങളിൽ ജീവനക്കാരും മേലധികാരികളും ചുവടെ കൊടുത്തിരിക്കുന്ന നിർദേശങ്ങൾ കർശനമായി പാലിക്കണമെന്നറിയിക്കുന്നു .

1 .അറ്റൻഡൻസ് ഓട്ടോമേഷൻ സിസ്റ്റത്തിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് സർവകലാശാലയിലെ എല്ലാ സ്ഥിരം ജീവനക്കാരെയും ടി സിസ്റ്റത്തിൽ ഉൾപെടുത്തേണ്ടതും അവരുടെ ജോലി സമയം ടൈം ഷിഫ്റ്റിൽ കൃത്യമായി ക്രമീകരിക്കേണ്ടതും അനിവാര്യമാണ്.ടി സാഹചര്യത്തിൽ അറ്റൻഡൻസ് ഓട്ടോമേഷൻ സിസ്റ്റത്തിന്റെ മേൽ നോട്ടം വഹിക്കുന്ന എല്ലാ നിയന്ത്രണാധികാരികളും തങ്ങളുടെ കീഴിലുള്ള എല്ലാ ജീവനക്കാരുടെയും വിവരങ്ങൾ ടി സിസ്റ്റത്തിൽഉൾപ്പെട്ടിട്ടുണ്ട് എന്നും അവരുടെ ടൈം ഷിഫ്റ്റും മറ്റനുബന്ധ വിവരങ്ങളും കൃത്യമായി ഉൾപെടുത്തിയിട്ടുണ്ടെന്നും 2020 ഫെബ്രുവരി 28 ന് മുൻപായി ഉറപ്പുവരുത്തേണ്ടതാണ് .

2 .ഔദ്യോഗിക ഇമെയിൽ ബന്ധപ്പെട്ട ജീവനക്കാർ അല്ലാതെ മറ്റുള്ളവർ റീസെറ്റ് ചെയ്ത് ദുരുപയോഗം ചെയ്യാനുള്ള സാഹചര്യം ഒഴിവാക്കുന്നതിനായി പാസ്സ്‌വേർഡ് റീസെറ്റ് ചെയ്യേണ്ട സാഹചര്യത്തിൽ ജീവനക്കാർ തങ്ങളുടെ മേലധികാരി സാക്ഷ്യപ്പെടുത്തിയ സമർപ്പണം citad@mgu.ac.in ലേക്ക് ഇമെയിൽ ചെയ്യുകയോ നേരിട്ട് സെക്ഷനിൽ സമർപ്പിക്കുകയോ ചെയേണ്ടതാണ് .

**ഡോ.പ്രകാശ് കുമാർ .ബി**
രജിസ്ട്രാർ

Draft #1 of File 6935/CITAD 1/2020/CITAD Approved by Registrar on 20-Feb-2020 01:04 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം